**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5330** **21-07-2022 - ൽ മറുപടിയ്ക്ക്**

**പുനലൂരിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് നല്കുന്നതിനായുള്ള മെഡിക്കൽ ക്യാമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂരിലും പരിസരപ്രദേശങ്ങളിലുമുള്ള അറുന്നൂറോളം വരുന്ന ഭിന്നശേഷി കുട്ടികൾ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, യു.ഡി.ഐ.ഡി കാർഡ് ,സ്പെഷ്യൽ ലേർണിംഗ് ഡിസെബിലിറ്റി കാർഡ് തുടങ്ങിയ രേഖകൾ കൈവശമില്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുനലൂരിലും പരിസര പ്രദേശങ്ങളിലുമുള്ള ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾ പലവിധ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണെന്നും ഇത്തരത്തിലുള്ളവർ മെഡിക്കൽ check up-നായി ആശുപത്രികളിൽ പോയി ക്യൂ നിൽക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെന്നും ആയതിനാൽ ഒരു മെഡിക്കൽ ക്യാമ്പ് പുനലൂരിൽ സംഘടിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നവജീവൻ എന്ന സംഘടനയ്ക്ക് വേണ്ടി സെക്രട്ടറി ശ്രീ. പി.എസ്. സുപാൽ എം.എൽ.എ. മുഖാന്തിരം നൽകിയ നിവേദനം ആവശ്യമായ നടപടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുട്ടികളെല്ലാവരും തന്നെ പലവിധത്തിലുള്ള ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരും മെഡിക്കൽ സർട്ടിഫിക്കറ്റുകൾക്കായി ആശുപത്രിയിൽ പോകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നവരുമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പുനലൂരിലും പരിസര പ്രദേശങ്ങളിലുമുള്ള ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾ പലവിധ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണെന്നും ഇത്തരത്തിലുള്ളവർ മെഡിക്കൽ check up-നായി ആശുപത്രികളിൽ പോയി ക്യൂ നിൽക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെന്നും ആയതിനാൽ ഒരു മെഡിക്കൽ ക്യാമ്പ് പുനലൂരിൽ സംഘടിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നവജീവൻ എന്ന സംഘടനയ്ക്ക് വേണ്ടി സെക്രട്ടറി ശ്രീ. പി.എസ്. സുപാൽ എം.എൽ.എ. മുഖാന്തിരം നൽകിയ നിവേദനം ആവശ്യമായ നടപടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത രേഖകൾക്കായി ഈ കുട്ടികൾ ഓൺലൈൻ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇവർക്ക് പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിനായി പുനലൂർ മണ്ഡലത്തിൽ ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഇതുവരെ 1882 ഭിന്നശേഷിക്കാരാണ് പുനലൂർ മണ്ഡലത്തിൽ നിന്നും യു.ഡി.ഐ.ഡി. കാർഡിനായി രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് ഇതിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ള 1260 പേർക്ക് ഇതുവരെ യു.ഡി.ഐ.ഡി. കാർഡ് നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | മെഡിക്കൽ സർട്ടിഫിക്കറ്റുള്ള ബാക്കി അപേക്ഷകർക്ക് യു.ഡി.ഐ.ഡി. കാർഡ് നൽകാനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ വഴി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റില്ലാത്ത 131 പേരാണ് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവർക്കായി ക്യാമ്പ് സംഘടിപ്പിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ